

TUESDAY 29-03-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-29/03/2022.

1. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

2. അതിയന്നൂർ ബ്ലോക്ക് ക്ഷീരകർഷക സംഗമം ഉച്ചക്കട ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ ആതിഥേയത്വത്തിൽ ഉച്ചക്കട റ്റിജെഎം പാരിഷ്ഹാളിൽ വച്ച് നാളെ (മാർച്ച് 30) നടത്തുന്നു. ഇതിനോടനുബന്ധിച്ച് ഫാർമേഴ്സ് ഇൻഫർമേഷൻ കം ഫെസിലിറ്റേൻ സെന്റർ, സോളാർ പാനൽ എന്നിവയുടെ ഉദ്ഘാടനം, കന്നുകാലി പ്രദർശനം, എക്സിബിഷൻ, സെമിനാർ, ക്ഷീരകർഷകരെ ആദരിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചിരിക്കുന്നു.

3. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തി കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 ഡബ്ല്യു സി റ്റി (WCT) തെങ്ങിൻ തൈകൾ തൈ ഒന്നിന് 110 രൂപ നിരക്കിൽ വിൽപനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540, 2371340** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരും കാർഷിക മേഖലകളിൽ യോഗ്യതയും ഉള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ പ്രോജക്ട് കൺസൽട്ടന്റ്മാരെ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **ഏപ്രിൽ 8** ആണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343/2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 31 വരെ (മാർച്ച് 31 വരെ) കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

6. ചീരയിലെ ഇലപ്പുള്ളിയും ഇലകരിച്ചിലും തടയാനായി ചുവന്ന ചീരയും പച്ചചീരയും ഇടകലർത്തി നടുക. **ട്രൈക്കോഡെർമ** അല്ലെങ്കിൽ **സ്യൂഡോമോണാസ്** ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക. വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക. രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണാസ് 20 ഗ്രാമും പച്ച ചാണകം 20 ഗ്രാമും കലക്കി അതിന്റെ തെളി എടുത്തു തളിക്കുക. ഒരു ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7 മുതൽ 8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക.

**മൃഗപരിപാലന നിർദ്ദേശങ്ങൾ**

7. സൂര്യതാപം തടയുന്നതിനായി തൊഴുത്തുകൾ തണലുള്ളിടത്ത് കിഴക്കു-പടിഞ്ഞാറ് ദിശയിൽ പണിയുന്നതാണ് ഉത്തമം. മേൽക്കൂരയിൽ ചൂടിന്റെ ആഗിരണം കുറയ്ക്കുന്നതിനായി ഓല, വൈക്കോൽ, ചാക്ക് എന്നിവ ഇടുന്നത് നന്നായിരിക്കും. തൊഴുത്തിന്റെ മേൽക്കൂരയ്ക്ക് താഴെ താൽക്കാലിക തട്ട് അടിയ്ക്കുന്നതും ചൂട് കുറയ്ക്കുന്നതിന് സഹായിക്കും. ഉച്ചനേരങ്ങളിൽ ഇടയ്ക്കിടെ മേൽക്കൂര നനച്ചുകൊടുക്കുവാൻ സാധിച്ചാൽ നല്ലതാണ്. തണൽമരങ്ങളുടെ സാമീപ്യം തൊഴുത്തിൽ താപനില കുറയ്ക്കുവാൻ സാധിക്കും. തൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. നേരിട്ട് സൂര്യപ്രകാശം തൊഴുത്തിനുള്ളിൽ വീഴാതിരിക്കുവാൻ മേൽക്കൂരയുടെ ചായ്‌വ് 3 അടിവരെ നീട്ടിക്കൊടുക്കാവുന്നതാണ്.